**കേരള സർക്കാർ**

# ആലങ്ങാട് ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.13)1654/17

തീയതി – 26.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :**ആലങ്ങാട്** ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ആലങ്ങാട്** ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെപരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ആലങ്ങാട് ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.13)1654/17

തീയതി: 26.10.2017

**എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**എറണാകുളം** ജില്ലയിലെ **ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 29.11.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.08.2017 മുതൽ 14.08.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ഷേർലി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.കവിതാദേവി.വി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എൻ.എം സജീവ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രാധാമണി ജയ്സിംഗ് | 01.04.2016 മുതൽ .31.03.2017 വരെ |

| | | |
|---|---|---|
| ശ്രീമതി.സിന്ധുമോൾ.വി.എസ് | സെക്രട്ടറി | 01.04.2016മുതൽ<br>31.03.2017 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | എം.ആർ.ജയകുമാരി | 01.04.2016 മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ.<br>പാനായിക്കുളം<br>സർക്കിൾ | ശ്രീ.വിനോദ്കുമാർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ. കോട്ടപ്പുറം സർക്കിൾ | ശ്രീ. രാജേഷ് കുമാർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീന.ടി.സി | 01.04.2016 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ഫിലോമിന സക്കറിയ | 0104.2016 മുതൽ 23.07.2016 വരെ |
| | ശ്രീമതി.ഗീതി | 24.07.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗമ്യ.ജി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രജന | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജയലക്ഷ്മി.ജി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.രേണുക.പി | 01.04.2016 മുതൽ 31.03.2017 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിധിൻ രാജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഷൈല എൻ.കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ. | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 13 | തൊഴിൽ നികുതി -അപാകത | 2-1 | |
| 14 | ഡി&ഒ ലൈസൻസ് ഫീസ്-ഈടാക്കിയിട്ടില്ല. | 2-2 | |
| 15 | തനത് വരുമാനം -കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നില്ല. | 2-3 | |
| | ഭാഗം 3 | | |
| 16 | ഭവന നിർമ്മാണം-പൂർത്തീകരിച്ചില്ല. | 3-1 | |
| 17 | ദിവസവേതനം തുക കൂടുതൽ അനുവദിച്ചു | 3-2 | |
| 18 | ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല. | 3-3 | |
| 19 | പി.എച്ച്.സി.മരുന്നവാങ്ങൽ തുക ഒടുക്കിയിട്ടും മരുന്ന് ലഭിക്കുന്നില്ല. | 3-4 | |
| 20 | സർക്കാർ സ്കൂളുകളിലേക്ക് സഹായാധ്യാപകർ | 3-5 | |
| 21 | വൃദ്ധർക്ക് മരുന്ന വാങ്ങൽ (ആയുർവേദം)-അപാകത | 3-6 | |

| | | | |
|---|---|---|---|
| 22 | കോഴി വളർത്തൽ-അപാകത | 3-7 | |
| 23 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല. | 3-8 | |
| 24 | സെക്രട്ടറിയുടെ പ്രോജക്ടുകൾ-പരാമർശങ്ങൾ | 3-9 | |
| 25 | രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-10 | |
| 26 | EMS LOAN- അധികമായി അടച്ച തുക തിരികെ ഈടാക്കേണ്ടതാണ് | 3-11 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2016-17) | അനുബന്ധം1 | |
| 37 | ബാലൻസ് ഷീറ്റ് (2016-17) | അനുബന്ധം2 | |
| 38 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2016-17) | അനുബന്ധം3 | |
| 39 | ഇൻകം ആൻഡ് എക്സ് പെൻറിച്ചർ (2016-17) | അനുബന്ധം4 | |


# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | വരവു ചെലവു പത്രിക പ്രകാരം |
|---|---|---|
| വരവ് | 13,74,85,050 | 6,34,42,120 |
| ചെലവ് | 12,65,10,500 | 6,03,23,337 |

EFMS മുഖേന MGNREGS, B-fund എന്നീ ഇനങ്ങളിലുള്ള 6.88 കോടി രൂപയുടെ കണക്കുകൾ വരവ് ചെലവു പത്രികയിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്കുകൾ നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലായെന്ന് കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2017 | 06.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകത ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 104,20,519 | 104,20,519 | 104,20,519 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 45,53,168 | 45,53,168 | 45,53,168 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 10,850 | 10,850 | 10,850 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 80,81,142 | 80,81,142 | 80,81,142 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 20,84,874 | 20,84,874 | 20,84,874 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 26,32,436 | 26,32,436 | 26,32,436 | 0 |
| ലോക ബാങ്ക് സഹായം | 0 | 22,40,072 | 22,40,072 | 22,40,072 | 0 |
| MG NREGS | 8,441 | 10,36,999 | 10,45,440 | 9,99,380 | 46,060 |
| ബി ഫണ്ട് | 0 | 4,96,73,190 | 4,96,73,190 | 4,96,73,190 | 0 |

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,74,87,634 |
| വരവ് | 6,34,42,120 |
| ആകെ | 8,09,29,754 |
| ചെലവ് | 6,03,23,337 |
| നീക്കിബാക്കി | 2,06,06,417 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 10,20,23,413 | 98 | 43064156 | 82 | 76 | 67 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.83%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 90,06,012 | 1,20,84,162 | (+) 30,78,150 | (+) 34.18% |
| നികുതിയേതര വരവുകൾ | 14,41,158 | 17,32,237 | (+) 2,91,079 | (+) 20.20% |
| മറ്റുവരവുകൾ | 3,19,522 | 2,69,178 | (-) 50,344 | (-) 15.75% |
| ആകെ | 1,07,66,692 | 1,40,85,577 | (+) 33,18,885 | (+)30.83% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48360 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 75,30,100 | 794 |
| വിധവാപെൻഷൻ | 1,51,76,540 | 1574 |
| വാർദ്ധക്യകാലപെൻഷൻ | 2,15,29,870 | 2166 |
| വികലാംഗപെൻഷൻ | 46,17,280 | 488 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,51,040 | 69 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000 | 4 |

സാമൂഹ്യസുരക്ഷിതത്വപെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2017 3.25ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,515/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. **<u>വസ്തു നികുതി പിരിവ് കുറഞ്ഞിരിക്കുന്നു</u>** – 2016-17 വർഷം 11809420/- രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.
2. **<u>പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതേണ്ടതാണ്.-</u>** തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തീർപ്പാക്കിയതിന്റെ വിവരം പലതിലും രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾക്ക് കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 624 | 2 | 2059 | 2685 | 1176 | 1176 | 19714 | - | 48921 | 68635 | 104 |

| മുന്നിരിപ്പ് | തൻവർഷ വരവ് | | | ആകെ വരവ് | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | | EFMS | ഭരണ ച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | |
| 8441 | 2,12,65,000 | 11,73,000 | 2,24,38,000 | 22446441 | 2,12,27,381 | 11,73,000 | 22400381 | 46060 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 304 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 279 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2017 | 01-06-2017 30.06.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2014 | 2009-10 മുതൽ 2013-14 | 30.10.2014 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി -അപാകത

a)ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് പരിശോധിച്ചതിൽ തൻ വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതിന്റെ വിവരങ്ങൾ കുടിശ്ശിക ഡിമാന്റിലും ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിക്കുന്ന സ്ഥിതിക്ക് ഇവയിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരമുള്ള ഒരു നടപടിയും സ്വീകരിച്ചില്ല.

ഒന്നാം അർദ്ധ വർഷത്തെ ശമ്പളം തന്നെയാണ് ഇവയിലെ ജീവനക്കാർക്ക് ലഭിച്ചത് എന്ന് കണക്കാക്കിയാൽ പോലും കുറഞ്ഞത് ഒന്നാം അർദ്ധ വർഷത്തെ അത്ര നികുതിയെങ്കിലും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. ഇതനുസരിച്ച് ഇവയിലെ ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ ലഭിക്കാമായിരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് വിവരം | ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി അടച്ചത് | രസീത് നം/ തീയതി | രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻ കോർപ്പ് | സന്ധ്യ അശോകൻ | 450 | 11610103369/ 01.09.2016 | 450 |
| | | അശ്വതി.സി.കെ | 450 | ,, | 450 |
| | | സൗമ്യ പൗലോസ് | 450 | ,, | 450 |
| | | ആകെ | **1350** | ,, | **1350** |
| 2 | പെരിങ്ങോട്ടുകര യോഗ ക്ഷേമ സഭ | അപർണ്ണ വി.കെ | 600 | 11610103715/ 01.09.2016 | 600 |
| | | പ്രീത.വി | 450 | ,, | 450 |
| | | അഞ്ജലി.പി.വി. | 450 | ,, | 450 |
| | | ആകെ | **1500** | ,, | **1500** |
| 3 | ഹൈ ലോജിസ്റ്റിക്സ് കൊങ്ങോർപ്പിള്ളി | ശിവാനന്ദൻ.ടി.എസ് ഡെ.മാനേജർ | 1250 | 11610104344/ 21.10.2016 | 1250 |
| | | ക്രിസ്റ്റഫർ മാനേജർ | 450 | ,, | 450 |
| | ആകെ | | **1700** | ,, | **1700** |
| 4 | ശ്രീ വിനായക പ്രിന്റ് പാക്സ്, തിരുവാല്ലൂർ | രജികുമാർ | 600 | 11610103944/ 21.10.2016 | 600 |
| | | അജിത്കുമാർ | 120 | ,, | 120 |
| | | രാഘവൻ | 120 | ,, | 120 |
| | | പാപ്പുകുമാർ | 180 | ,, | 180 |
| | **ആകെ** | | **1020** | | **1020** |

തൊഴിൽ നികുതി ഈടാക്കാത്തതിനാൽ **1350+1500+1700+1020=5570/-**രൂപ വരവിനത്തിൽ നഷ്ടം വന്നിട്ടുണ്ട്.മേൽ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

b) കൂടാതെ താഴെ പ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) എലിജന്റ് ഹൈറ്റ്സ്,(എെ.ടി.സി കമ്പനിയുടെ ഉത്പന്നങ്ങളുടെ സ്റ്റോക്കിംഗ്)

2)യൂണിപാം ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്

3)മുസ്തക്കിം,സെറാമിക്ക് ടൈൽസ് സ്റ്റോക്കിംഗ്

4)ഗോൾഡൻ വാലി ഓയിൽ പ്ര.ലിമിറ്റഡ്

5)ബേ കണ്ടെയ്നർ ടെർമിനൽ
മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് ഫീസ്-ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് ഇനത്തിൽ താഴെപ്പറയുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വ്യക്തികൾ/ സ്ഥാപനങ്ങൾ | ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ 15-16 വർഷം ഈടാക്കിയ തുക | രസീത് നം/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | എ.വി.തോമസ് കമ്പനി ലിമിറ്റഡ് ഗോഡൗൺ നം7/267 അലൂമിനിയം ഷീറ്റ് വിൽക്കുന്നതും സംഭരിക്കുന്നതും | 1250 | 11401107961/ 20.02.2015 | ഈടാക്കിയതായി കാണുന്നില്ല.സ്ഥാപനം നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 2 | എ.എം മുഹമ്മദ് അരിക്കോടൻസ് വീട് XI/663A മെറ്റൽ,എം.സാന്റ് നിർമ്മാണം | 5000 | 1142108558/ 27.02.2015 | ഈടാക്കിയതായി കാണുന്നില്ല.സ്ഥാപനം നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 3 | നവാസ് X/595K ഇലക്ട്രിക് ഹോം അപ്ലയൻസ് സാധനങ്ങൾ | 2500 | 11401108909/ 05.03.2015 | ഈടാക്കിയതായി കാണുന്നില്ല.സ്ഥാപനം നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | ആഷ എ വിമൽ ടി കമ്പനി | 4000 | - | ഈടാക്കിയതായി കാണുന്നില്ല.സ്ഥാപനം നിർത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| | **ആകെ** | **12750** | | |

മേൽ വ്യക്തികൾ/സ്ഥാപനങ്ങൾ നിന്നും 2016-17 വർഷം 12750/- രൂപ ഡി&ഒ ലൈസൻസ് ഫീസും നിയമാനുസൃത പിഴയും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.അല്ലാത്ത പക്ഷം സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നതായി കണക്കാക്കി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തനത് വരുമാനം -കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നില്ല.

ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക്,നീറിക്കോട് അക്കൗണ്ട് നമ്പർ (എസ്.ബി.3115) മുഖേനയാണ് ഇടപാട് നടത്തുന്നത്. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തെ തുടർച്ചയായ 5ക്വാർട്ടറുകളിൽ ബാങ്ക് ബാലൻസിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| **ക്വാർട്ടർ** | **ബാങ്ക് ബാലൻസ്** |
|---|---|
| ഒന്നാം പാദം 01.04.2016 | 99,15,614 |
| രണ്ടാം പാദം 01.07.2016 | 93,44,692 |
| മൂന്നാം പാദം 01.10.2016 | 94,54,035 |
| നാലാം പാദം 01.01.2017 | 81,80,397 |

| | |
|---|---|
| 01.04.2017 | 97,75,403 |

പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിക്കുന്ന അക്കൗണ്ടിൽ ഭീമമായ തുക ക്ലോസിങ്ങ് ബാലൻസ് ആയി തുടരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ സേവിംങ്സ് ബാങ്ക് അക്കൗണ്ടായതിനാൽ കാര്യമായ പലിശ ലഭിക്കുന്നില്ല. തൊട്ടടുത്ത മാസം ആവശ്യമുള്ള ഫണ്ട് ബജറ്റ് ചെയ്ത് ബാക്കിയുള്ള ഫണ്ട് ഷോർട്ട് ടേം എഫ്.ഡി ആയി മാറ്റിയാൽ പലിശ ഇനത്തിൽ കൂടുതൽ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നതാണ്.
പഞ്ചായത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി സർക്കാരിന്റെ മാർഗ്ഗരേഖയ്ക്ക് വിധേയമായി ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ശ്രമിക്കേണ്ടതാണ്.

.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭവന നിർമ്മാണം-പൂർത്തീകരിച്ചില്ല.

ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ ആനുകൂല്യം കൈപ്പററിയ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തിയാക്കാത്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | So211/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| നൽകിയ തുക | 80000/-(ddno.144633/27.04.16) |
| ഉടംപടിചെലവ് നൽകിയത് | 400/-(ddno.144327/25.04.16) |
| ഗുണഭോക്താവിന്റെ വിവരം | ശ്രീമതി.ലിസി സെബാസ്ററ്യൻ, വേവുകാട് ,കൊങ്ങോർപ്പിള്ളി |

ഗുണഭോക്താവ് വീടിന് ആവശ്യമായ തറ മാത്രമാണ് പണിതിരിക്കുന്നത്.പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കിയെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് 31.03.2017 -ൽ അവസാനിച്ചതായി കാണുന്നു. ഗുണഭോക്താവ് വിട് പണി പൂർത്തികരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

### 3-2 ദിവസവേതനം തുക കൂടുതൽ അനുവദിച്ചു

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് 2.5.2016 ൽ 21600098 നം.വൗച്ചർ പ്രകാരം 18200 രൂപ അനുവദിച്ചിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് പ്രതിമാസം അനുവദിക്കാവുന്ന പരമാവധിവേതനം 17550 രൂപയായി ധനകാര്യവകുപ്പ് 26.2.16ലെ 28/2016നംപർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.അധികം നല്കിയ തുക 650/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-3 ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺ ലൈനായി ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28-09-2013 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.318/13 പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഓൺലൈൻ ഇടപാടുകൾക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിവരവും ഈ അക്കൗണ്ട് മുഖേന 2016-17വർഷം സ്വീകരിച്ച ഇ.എം.ഡി., ടെണ്ടർ ഫീ തുകകളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപ്രകാരം ഓൺലൈനായി ലഭിച്ച ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 പി.എച്ച്.സി. മരുന്നു വാങ്ങൽ - തുക ഒടുക്കിയിട്ടും മരുന്ന് ലഭിക്കുന്നില്ല.

| പ്രോജക്ട് നം | S0252/17 | S0253/17 | S018/17 |
|---|---|---|---|
| പ്രോജക്ട് | പി.എച്ച്.സി ആശുപത്രിക്ക് (വൃദ്ധർക്ക്)മരുന്ന വാങ്ങൽ(ജനറൽ) | പി.എച്ച്.സി ആശുപത്രിക്ക് (വൃദ്ധർക്ക്)മരുന്ന വാങ്ങൽ(എസ്.സി.പി) | പി.എച്ച്.സി ആശുപത്രിക്ക് മരുന്ന വാങ്ങൽ(എസ്.സി.പി) |
| | | | |

| | | | |
|---|---|---|---|
| അടങ്കൽ | 1,10,150/- രൂപ | 1,00,077/- രൂപ | 2,00,000/- രൂപ |
| ചെലവ് വിവരം | 101700/-രൂപ ബിൽ 06/16-17 തീ.23.03.17 | 1,00,000/- രൂപ ബിൽ 05/16-17 തീ.23.03.17 | 2,00,000/- രൂപ ബിൽ 04/16-17 തീ.23.03.17 |

ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന വാങ്ങൽ എന്ന മേൽ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിന് തുകകൾ നല്കിയെങ്കിലും നാളിതുവരെ മരുന്ന് ലഭിച്ചില്ല.11.01.2016 ലെ സാ.ഉ.(എം.എസ്)4/16 ത.സ്വ.ഭ.വ ഖണ്ഡിക 7.4 പ്രകാരം വൃദ്ധർക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് മർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. വൃദ്ധർക്ക് മരുന്നവാങ്ങൽ എന്ന പ്രോജക്ട് ഇനി മുതൽ നടപ്പിലാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 സർക്കാർ സ്കൂളുകളിലേക്ക് സഹായാധ്യാപകർ

| | |
|---|---|
| പ്രോജക്ട് നം | S004/17 (തനത് ഫണ്ട്) |
| പ്രോജക്ട് | സർക്കാർ സ്കൂളുകളിലേക്ക് സഹായാധ്യാപകർ |
| അടങ്കൽ | 1,44,000- രൂപ |
| ചെലവ് വിവരം | 25200/-രൂപ ചെക്ക്.നം.7081935 തീ.26.10.16<br>28800/-രൂപ ചെക്ക്.നം.9680404 തീ.22.12.16<br>21600/-രൂപ ചെക്ക്.നം.9680409 തീ.17.02.17<br>21600/-രൂപ ചെക്ക്.നം.9680415 തീ.21.03.17 |

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ ഹെഡ് മാസ്റ്റർ ,GLPS നടപ്പിലാക്കിയ പ്രോജക്ടിൽ പഞ്ചായത്തിന് കീഴിലുള്ള 4 എൽ.പി സ്കൂളുകളിലേക്ക് സഹായാധ്യാപകരെ നിയമിച്ച് ഹോണറേറിയം ഇനത്തിൽ 97200/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ സഹായാധ്യാപകരുടെ നിയമനം സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങളിൽ വ്യക്തതയില്ല.

1) മേൽപ്പറഞ്ഞ സ്കൂളുകളിൽ ഒഴിവുള്ള തസ്തികകളിലാണ് നിയമനം നടത്തിയത് എന്നതിന് മറുപടി ലഭിച്ചിട്ടില്ല.

2) അധ്യപക വിദ്യാർത്ഥി അനുപാതം അനുസരിച്ച് നിയമനത്തിന്റെ ആവശ്യകത വ്യക്തമല്ല.

3)മേൽ നിയമനത്തിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കിയിട്ടില്ല.

സ.ഉ.(എം.എസ്)നം.4/16 തസ്വഭവ തീ.11.01.2016 ഖണ്ഡിക 11.7.VI a,b,c (1-6) എന്നിവയിൽ സാമൂഹ്യ നീതി വകുപ്പ് സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും സഹായ അധ്യാപകരെ നിയമിക്കാൻ വ്യവസ്ഥ ഇല്ല. ഹോണറേറിയം ഇനത്തിൽ 97200/- രൂപ നല്കിയത് തടസ്സപ്പെടുത്തുന്നു.

## 3-6 വൃദ്ധർക്ക് മരുന്ന വാങ്ങൽ (ആയുർവേദം)-അപാകത

| | |
|---|---|
| പ്രോജക്ട് നം | S0232/17 |
| പ്രോജക്ട് | വൃദ്ധർക്ക് മരുന്ന വാങ്ങൽ (ആയുർവേദം) |
| അടങ്കൽ | 400,000/- രൂപ(ജനറൽ) |
| ചെലവ് വിവരം | 4,00,000/-രൂപ (ബിൽ 03/16-17 തീ.07.03.17) |

ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധർക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയിൽ ഔഷധി എന്ന സ്ഥാപനത്തിന് മരുന്ന് വാങ്ങുന്നതിന് 4,00,000/-രൂപ 11.03.2017ൽ നല്കിയെങ്കിലും നാളിതുവരെ മരുന്ന് ലഭിച്ചില്ല.11.03.2017ൽ സ്ഥാപനവുമായി ഏർപ്പെടുത്തിയ കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് നൽകേണ്ടതാണെന്ന് നിബന്ധന 2 ൽ പറയുന്നുണ്ട്. മരുന്ന ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 11.01.2016 -ലെ സ.ഉ.(എം.എസ്) 4/16 ത.സ്വ.ഭ.വ പ്രകാരം വൃദ്ധർക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കോഴി വളർത്തൽ-അപാകത

| | |
|---|---|
| പ്രോജക്ട് നം | S0249/17 |
| | |

| | |
|---|---|
| പ്രോജക്ട് | കോഴി വളർത്തൽ |
| അടങ്കൽ | 228771- രൂപ |
| ചെലവ് വിവരം | 149850/-രൂപ ബിൽ നം.18/16-17 തീ.31.03.17<br>78921 ഗുണഭോക്തൃ വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മേൽ പ്രോജക്ടിൽ കുടുംബശ്രീ അംഗങ്ങൾക്കായി 1998 കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.100/-രൂപ വിലയുള്ള കോഴി കുഞ്ഞുങ്ങൾക്ക് 75 രൂപ സബ്സിഡിയും 25/-രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഈയിനത്തിലെ പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന് മേൽ പ്രറഞ്ഞ രണ്ട് ബില്ലുകളിൽ നിന്നായി 26628/-രൂപ വാറ്റ് അടവാക്കിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച് താഴെ പറയുന്ന അപാകത കാണുന്നു.

1) പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന് വാറ്റ് അടയ്ക്കരുതെന്ന നിബന്ധന പാലിച്ചിട്ടില്ല.

2)വി.എ.ഷരീഫ്,എഗ്ഗ് നഴ്സറി എന്നയാളുടെ ബില്ലിൽ വാറ്റ് രജിസ്റ്റ്രേഷൻ ഇല്ല. വാറ്റ് രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് വാറ്റ് നൽകിയിരിക്കുന്നു.

3) ഈ ഇനത്തിൽ നൽകേണ്ട ആകെ തുകയിൽ നിന്നാണ് വാറ്റ് കുറവ് ചെയ്ത് അടയ്ക്കേണ്ടത് എന്നിരിക്കെ ശ്രീ.വി.എ.ഷരീഫിന് പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന് 120879/-രൂപയും 78921/-രൂപ ഗുണഭോക്തൃവിഹിതം അടക്കം 199800/-രൂപ (കോഴി ഒന്നിന് 100/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്)നൽകിയിട്ടുണ്ട്.

ടി ന്യൂനതകളുടെ വെളിച്ചത്തിൽ വാറ്റ് ഇനത്തിൽ ചെലവഴിച്ച 26,628/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല.

ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം 21600940 24.02.2017 | 58500 | 58500 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | വൗച്ചർ നം 21601301/ 09.03.2017 | 2701705 | 2701705 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| ആകെ | | | 2760205 | 2760205 | | |

## 3-9 സെക്രട്ടറിയുടെ പ്രോജക്ടുകൾ-പരാമർശങ്ങൾ

1.തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി മുൻവർഷം KSEB യിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തിയായിട്ടില്ല എന്നു കാണുന്നു. മീറ്റർ സ്ഥാപിച്ച വിളക്കുകളുടെ കറണ്ട് ചാർജിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ആയതിനാൽ ബാക്കി പണി പൂർത്തീകരിയ്ക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

2. സെക്രട്ടറിയുടെ പ്രോജക്ടായ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പത്ര പരസ്യങ്ങൾക്ക് മാതൃഭൂമി പത്രത്തിൽ നിന്നും നിയമാനുസൃതമായ ഡിസ്കൗണ്ടു ലഭിച്ചിട്ടില്ല. ഡിസ്കൗണ്ട് ലഭ്യത ഉറപ്പാക്കിവേണം പരസ്യം നൽകേണ്ടത്.

3. ഈ പ്രോജക്ടുപ്രകാരം പ്രിന്ററിംങ് ജോലികളുടെ കോൺട്രാക്ട് ഏറ്റിരുന്നത് AR PRINTERS എന്ന സ്ഥാപനമാണ്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 75,000/- രൂപയിലധികം തുക നൽകുന്ന കരാർപ്രവൃത്തികൾക്ക് 1% ആദായനികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിന് 2016-17 -ൽ പല ബില്ലുകളിലായി 82,015/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അവരിൽനിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. അവരിൽ നിന്നും ആദായനികുതിയിനത്തിൽ 820/-രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുക നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | നൽകിയ തുക | വൗച്ചർ നം./ തീയതി |
|---|---|---|
| പ്രോജക്ട് 22/17 | 38335 | 21601166/ 04.02.2017 |
| | 32560 | |
| | 1800 | 21601011/ 01.01.2017 |
| | 9320 | |

## 3-10 രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

ചെലവഴിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ICDS സൂപ്പർ വൈസർ നടപ്പാക്കിയ 6 പ്രോജക്ടുകളിലെ ചെലവ് തുക 4191656 രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

.

| ക്രമനം | പേര് | പ്രോജക്റ്റ്നം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അങ്കണവാടി അനുപൂരകപോഷകാഹാരം | 3/17 | 24,00,000 | 13,65,740 |
| 2 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 15/17 | 10,75,000 | 5,00,000 |
| 3 | ബഡ്സ് സ്കൂൾ നടത്തിപ്പ് | 16/17 | 2,70,000 | 1,37,499 |
| 4 | ബഡ്സ് സ്കൂൾ പോഷകാഹാരം | 17/17 | 52000 | 29700 |
| 5 | അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം | 222/17 | 561814 | 551814 |
| 6 | അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം | 233/17 | 1664400 | 1606903 |
| | | | | 4191656 |

## 3-11 EMS LOAN- അധികമായി അടച്ച തുക തിരികെ ഈടാക്കേണ്ടതാണ്

EMS LOAN- ന്റെ തിരിച്ചടവിന്റെ ഭാഗമായി ആലങ്ങാട് കോ.ഓപ്പറേറ്റീവ് ബാങ്കിൽ അടച്ചുതീർക്കാനുണ്ടായിരുന്ന 12,30,565 രൂപയിൽ മുതൽ അടച്ചുതീർന്നുവെങ്കിലും പലിശ ഇനത്തിൻ 15119.95 രൂപ അധികം സർക്കാരിൽ നിന്നും ബാങ്കിന് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന ലഭിക്കുകയുണ്ടായി. ബാങ്കിൽ അധികമായി എത്തിയതുക സർക്കാരിലേക്ക് തിരികെ അടവാക്കി വിവരം റിപ്പോർട്ടുചെയ്യുന്നതിന് ബാങ്കിന് നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പറവൂർ | 2,63,475 | വാഴ കൃഷി (S059/17) | 2,63,475 | - |
| | 1,49,400 | പെയിൻ&പാലിയേറ്റിവ് കെയർ (S036/17) | 1,49,400 | 1,06,620 |
| | 2,00,000 | ബയോഗ്യാസ്(S144/17) | 0 | 2,00,000 |
| | 440,000 | പാലിന് സബ്സിഡി(S050/17) | 440,000 | - |
| | 2,25,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S015/17) | 2,25,000 | - |
| ജില്ലാപഞ്ചായത്ത് | 30,000 | നെൽ കൃഷി വികസനം (S057/17) | 30,000 | - |
| | 2,75,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S015/17) | 2,75,000 | |

.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിൽ | വൗച്ചർ നം 21600940 24.02.2017 | 58500 | 58500 | പണി പൂർത്തീകരിച്ചെങ്കിലും | - |

| | | | | | | |
|---|---|---|---|---|---|---|
| | പൈപ്പ് മാറ്റി സ്ഥാപിക്കൽ | | | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | വൗച്ചർ നം 21601301/ 09.03.2017 | 2701705 | 2701705 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| ആകെ | | | 2760205 | 2760205 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് -

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം-

**(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.**

ഇല്ല

**(ii) വായ്പ തിരിച്ചടവിന്റെ വിവരം.**

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 564/10 ത.സ്വ.ഭ.വ തീ.22.02.10 | 12442,260 | 1230565 | 1230565 | 115110 | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ -

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി -

ഇല്ല

## 4-7- സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം-

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം-

**(എ) സംക്ഷിപ്ത വിവരം.**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,34,42,120 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,03,23,337 |
| വരവിനങ്ങളിലുള്ള നഷ്ടം | 18,320 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 650 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,15,484 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 5570 | --- | ശ്രീമതി സിന്ധു.വി.എസ് ,സെക്രട്ടറി |
| 2-2 | 12750 | --- | ശ്രീമതി സിന്ധു.വി.എസ് ,സെക്രട്ടറി |
| 3-2 | -- | 650 | ശ്രീമതി സിന്ധു.വി.എസ് ,സെക്രട്ടറി |
| | **18320** | **650** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 97200 | ശ്രീമതി വിജയലക്ഷ്മി.എം.കെ, എച്ച്.എം,GLPS കോട്ടപ്പുറം |

| | | |
|---|---|---|
| 3-7 | 26628 | ഡോ.രചന , വെറ്ററിനറി സർജൻ |
| 3-10 | 4191656 | ശ്രീമതി.ഗീത പി.എൻ,ICDS സൂപ്പർവൈസർ |
| **ആകെ** | **43,15,484** | |

(സി) **കേന്ദ്ര / സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ. നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 820 | ശ്രീമതി സിന്ധു.വി.എസ്, സെക്രട്ടറി |
| ആകെ | 820 | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീമതി സിന്ധു.വി.എസ് ,സെക്രട്ടറി | സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത് | വി.എസ്.സിന്ധുമോൾ, തെക്കേവാലത്ത്, വാലം, തെക്കേ ചിറ്റൂർ പി.ഒ., 682 027 |
| ശ്രീ.വിനോദ് കുമാർ,VEO | VEO,ആലങ്ങാട് | മയൂരം,ശാന്തി നഗർ മുപ്പത്തടം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ-

.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി08/07/2000 |
| 1998-99 | എൽ.എഫ്.ഇ.(പി6)1941/08 തീയതി29/01/2010 |
| 1999-00 | എൽ.എഫ്.ഇ.(പി8)/1070/01 തീയതി20/05/2002 |
| 2000-01 | എൽ.എഫ്.ഇ.(പി5)970/02 തീയതി23/12/2002 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി6)1414/03 തീയതി24/07/2003 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി29/01/2010 |
| 2002-03 | എൽ.എഫ്.ഇ.(പി6)/1939/08 തീയതി29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി30/03/2010 |
| 2005-06 | എൽ.എഫ്.ഇ.(പി5)/1591/09 തീയതി30/03/2010 |
| 2006-07 | എൽ.എഫ്.ഇ.(പി5)1592/09 തീയതി30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി05/02/2015 |
| 2013-14 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2014-15 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

.

## അനുബന്ധം - 1
## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി13)1654/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in
തീയതി : 26.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **ആലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ അഭിപ്രായത്തിൽ **ആലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P.13)1654/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date: 26.10.2017

Certified that I have audited the Annual Financial Statement of **ALANGAD** Grama Panchayat in Ernakulam District for the Financial Year ended on **31.03.2017** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **ALANGAD** Grama Panchayat for the Financial Year **2016-17** properly presents the picture of income and expenditure.

.

Deputy Director